പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2266 | 16.8.2017 -ൽ മറുപടിയ്ക്ക്

# കെ.ടി.ഡി.സി യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എം. സ്വരാജ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | കെ.ടി.ഡി.സി യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ ; | എ) | കെ.ടി.ഡി. സി.യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കെ.ടി.ഡി. സി. യുടെ മിക്കവാറും യൂണിറ്റുകൾ ഘട്ടം ഘട്ടമായി നവീകരിക്കുവാൻ തീരുമാനിച്ച നിലവിൽ മസ്കറ്റ് ഹോട്ടൽ, ബോൾഗാട്ടി പാലസ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നിവയുടെ ടെൻഡർ നടപടികൾ ആരംഭിച്ച കഴിഞ്ഞു. കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിൻ പ്രകാരം പൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ സ്ഥലങ്ങൾ കണ്ടുപിടിക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പുതിയ സംരംഭങ്ങളായ മുഴപ്പിലങ്ങാട് ബീച്ച്, കോഴിക്കോട് ബീച്ച് എന്നിവിടങ്ങളിൽ റിസോർട്ട് പണിയുവാനുള്ള പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചുകഴിഞ്ഞു. പുതിയ ടൂർ പാക്കേജുകൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കെ.ടി.ഡി.സി യുടെ സാന്നിദ്ധ്യം ഉറപ്പ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | കേരളത്തിലെ പല വിനോദസഞ്ചാര കേന്ദ്രങ്ങളും വികസിക്കുവാൻ കാരണമായത് കെ.ടി.ഡി.സിയുടെ പ്രഥമ സാന്നിദ്ധ്യം കൊണ്ടാണ്. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സാന്നിദ്ധ്യം ഉറപ്പവരുത്തുവാനുള്ള നടപടികൾ ആലോചനയിലുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ